ലോക്ഡൗൺ നിർദേശങ്ങള് പൊതുജനങ്ങള് കർശനമായി പാലിക്കണം ലോക്ഡൗൺ നിർദേശങ്ങള് പൊതുജനങ്ങള് കർശനമായി പാലിക്കണമെന്ന് ജില്ലാ കളക്ടർ എം അഞ്ജന. നിയന്ത്രണങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ വളരെ അടിയന്തിര സാഹചര്യങ്ങളിൽ മാത്രമെ പൊതുജനങ്ങൾ യാത്ര ചെയ്യാവൂ. ജില്ലയ്ക്കുപുറത്തും മറ്റു സംസ്ഥാനങ്ങളിലേക്കും പോകുന്നവരും അടിയന്തിര സാഹചര്യങ്ങൾ വിശദമാക്കി യാത്രാപാസ് എടുക്കണം. അടിയന്തിര സാഹചര്യങ്ങളിലെ യാത്രയ്ക്ക് ഗർഭിണികളായ സ്ത്രീകള്, അടിയന്തിര ചികിത്സയുമായി ബന്ധപ്പെട്ട് സഞ്ചരിക്കേണ്ടവർ, ബന്ധുവിന്റെ മരണമറിഞ്ഞെത്തുന്നവര്, അതീവ ഗുരുതരാവസ്ഥയിലുള്ള ബന്ധുവിനെ കാണാനെത്തുന്നവർ തുടങ്ങിയവർക്ക് മാത്രമാണ് പാസ് അനുവദിക്കുന്നത്. യാത്രാനുമതിക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാം. മാർഗനിർദേശപ്രകാരമുള്ള രേഖകള് അടക്കം അപേക്ഷ സമർപ്പിക്കുന്നതിനായി covid19jagratha.kerala.nic.in എന്ന പോർട്ടലിലെ പബ്ളിക് സർവീസസ് എന്ന ഓപ്ഷനിലെ എമർജൻസി ട്രാവല് പാസ് എന്ന ലിങ്ക് മുഖാന്തിരം അപേക്ഷ നല്കാം

## ഗർഭിണികൾക്കും ചികിത്സയ്ക്കെത്തുന്നവർക്കും കേരളത്തിലേക്ക് നിബന്ധനകൾക്ക് വിധേയമായി പ്രവേശനാനുമതി നൽകും

ലോക്ക്ഡൗൺ കാലത്ത് അന്തർസംസ്ഥാന യാത്ര നടത്തുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവായി. ഗർഭിണികൾക്കും, ചികിത്സയ്ക്ക് കേരളത്തിലേക്ക് എത്തുന്നവർക്കും ബന്ധുവിന്റെ മരണത്തിനോ അതീവ ഗുരുതരാവസ്ഥയിലുള്ള ബന്ധുവിനടുത്തോ എത്തുന്നതിനുമാണ് സംസ്ഥാനത്തിന് പുറത്തുനിന്ന്, പ്രത്യേകിച്ച് കേരളീയർക്ക്, കേരളത്തിലേക്ക് എത്തുന്നതിന് മാനുഷിക പരിഗണനയും അത്യാവശ്യസാഹചര്യവും പരിഗണിച്ച് അനുമതി നൽകുക.

ജില്ലാ കളക്ടർക്കാണ് അനുമതി നൽകാനുള്ള അധികാരം. ഗർഭിണികള് ഇതു സംബന്ധിച്ച രജിസ്റ്റേഡ് ഗൈനക്കോളജിസ്റ്റിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ആരോഗ്യ സംബന്ധ വിവരങ്ങൾക്ക് പുറമേ, ഒപ്പം യാത്രചെയ്യുന്നവരുടെ വിവരങ്ങളും അപേക്ഷയിൽ വേണം. മൂന്നു പേരിൽ കൂടുതല് വാഹനത്തില് ഉണ്ടാകാൻ പാടില്ല. ഗർഭിണിക്ക് ഒപ്പമുള്ള മൈനര് കുട്ടികളെയും യാത്രയ്ക്ക് അനുവദിക്കും. അപേക്ഷ ഇ മെയിലായോ വാട്ട്സാപ്പായോ

യാത്ര ചെയ്ത് എത്തിച്ചേരേണ്ട സ്ഥലത്തെ കളക്ടർക്ക് ലഭ്യമാക്കണം. അർഹരെങ്കില് കളക്ടര് യാത്രാ തീയതിയും സമയം രേഖപ്പെടുത്തി പാസ് അനുവദിക്കും.
ഈ പാസും താമസിക്കുന്ന ജില്ലയിലെ കളക്ടറുടെ ക്ലിയറൻസും സഹിതം എത്തിയാൽ അതിർത്തിയിലെ ഉദ്യോഗസ്ഥര് പരിശോധിച്ച് സംസ്ഥാനത്തിലേക്ക് പ്രവേശനം അനുവദിക്കും.
അതിർത്തിയിലെ പരിശോധനയ്ക്ക് അനുസരിച്ച് നിർദേശിക്കുന്ന ക്വാറൻൈററിന് ഇവര് വിധേയമാകണം.
ചികിത്സയ്ക്കായി എത്തുന്നവര് വിവരങ്ങള് കാണിച്ച് എത്തേണ്ട ജില്ലയിലെ കളക്ടർക്ക് അപേക്ഷിക്കണം. ത്വരിത പരിശോധന നടത്തി കളക്ടർക്ക് അനുമതി നൽകാം. ഈ അനുമതിയോടെ വ്യക്തി താമസിക്കുന്ന സ്ഥലത്തെ ബന്ധപ്പെട്ട അധികാരിയിൽനിന്ന് യാത്രാ പാസ് വാങ്ങണം. ഈ രണ്ടുരേഖകളും പരിശോധിച്ചായിരിക്കും സംസ്ഥാനത്തേക്ക് പ്രവേശനാനുമതി നൽകുക. രോഗി ഉൾപ്പെടെ മൂന്നു പേർക്കാകും വാഹനത്തില് അനുമതി ഉണ്ടാകുക.
ബന്ധുവിന്റെ മരണമറിഞ്ഞെത്തുന്നവരും, അതീവ ഗുരുതരാവസ്ഥയിലുള്ള ബന്ധുവിനെ കാണാനെത്തുന്നവരും താമസിക്കുന്ന സംസ്ഥാനത്തിലെ ബന്ധപ്പെട്ട അധികാരിയിൽനിന്നുള്ള വാഹനപാസ് നേടിയിരിക്കണം.
കൂടാതെ കാണാനെത്തുന്ന രോഗി, മരിച്ച ബന്ധു എന്നിവർ സംബന്ധിച്ച വിശദാംശങ്ങളുള്ള സത്യവാങ്മൂലവും യാത്രചെയ്യുന്നയാൾ കൈയില് കരുതണം. അതിർത്തിയില് പോലീസ് ഈ രേഖകള് പരിശോധിച്ച് ഉറപ്പുവരുത്തും.
എല്ലാ ജില്ലകളിലും പാസ് സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒരു ഡെപ്യൂട്ടി കളക്ടറെ കളക്ടർമാര് ചുമതലപ്പെടുത്തണമെന്നും ചീഫ് സെക്രട്ടറിയുടെ ഉത്തരവിൽ പറയുന്നു.